അവർ അനുഭവിക്കുകയായിരുന്നു. ഈ ഗവൺമെന്റ് അത് മാറ്റി. അത് ബേക്ക്‌വേർഡിനു തന്നെ തിരിച്ചു കൊടുത്തു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചപോലെ മറ്റ് സംവരണമില്ലാത്ത മേഖലകളിലേക്കുകൂടി സംവരണം വ്യാപിപ്പിക്കേണ്ടതുണ്ട്. അതിൽ നയപരമായ തീരുമാനം എടുത്തിട്ടില്ല. ഏതായാലും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ തീരുമാനമെടുക്കുന്ന സമയത്ത് അക്കാര്യംകൂടി കണക്കിലെടുത്ത് ആവശ്യമായ തീരുമാനം എടുക്കുന്നതാണ്.

(9) വനിതാ സ്പോർട്സ് അക്കാഡമി

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായി കേരളത്തിൽ അനുവദിച്ചിട്ടുള്ള വനിതാ സ്പോർട്സ് അക്കാഡമി ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലെ ഇട്ടിവ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് ബഹുമാന്യയായ കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള കോട്ടുക്കൽ ജില്ലാ കൃഷി ഭവനിൽ നിന്ന് 20 ഏക്കർ സ്ഥലം ബഹുമാന്യയായ കൃഷി വകുപ്പുമന്ത്രി അനുവദിക്കുകയും അതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംസ്ഥാനത്തെ സ്പോർട്സ് രംഗത്താകെ വലിയ നേട്ടമുണ്ടാക്കുന്ന ഒരു ബൃഹത്തായ പദ്ധതി പ്രാവർത്തികമാക്കാൻ ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രത്യേക താല്പര്യം കാണിച്ചിട്ടുണ്ട്. ആ പദ്ധതി നടപ്പിലാക്കുന്നതിന് സ്പോർട്സിന്റെ ചുമതല വഹിക്കുന്ന മന്ത്രി സജീവ തത്പരനാണെന്ന് അറിയാം. എങ്കിലും അടിയന്തിരമായി ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* Sports Authority of India (SAI)-യുടെ ഡയറക്ടർ ജനറൽ ശ്രീ. ജെ പി. സിംഗുമായി കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ഡൽഹിയിൽ വച്ചും അതിനുശേഷം ജനുവരി മാസത്തിൽ കോവളത്തുവച്ചും നടത്തിയ ചർച്ചയിൽ ഇൻഡ്യയിൽ ആരംഭിക്കാൻ പോകുന്ന രണ്ട് ദേശീയ അത്‌ലറ്റിക് അക്കാഡമികളിൽ ഒന്ന് കേരളത്തിൽ തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. അത് വനിതകൾക്കുവേണ്ടിയുള്ള ഒന്നാണ്. പുരുഷൻമാർക്കുള്ളത് പാട്യാലയിലുണ്ട്. ഇതിനുവേണ്ടി ചടയമംഗലത്ത് സ്ഥലം കണ്ടെത്താനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട എം.എൽ.എ. യുടെ ഭാഗത്തുനിന്ന് വന്നു. ഇതിനുവേണ്ടി കൃഷിവകുപ്പിന്റെ അധീനതയിലുള്ള ഇട്ടിവാ പഞ്ചായത്തിലെ കോട്ടുക്കൽ കൃഷി ഫാമിൽനിന്ന് ഇരുപത് ഏക്കർ സ്ഥലം നൽകാമെന്ന് ധാരണയായിട്ടുണ്ട്. 26-6-2005-ൽ കൃഷി വകുപ്പ് ഡയറക്ടർ, സ്പോർട്സ് അഡീഷണൽ ഡയറക്ടർ എന്നിവർ പ്രാഥമിക പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആ സ്ഥലം കൈവശം കിട്ടിക്കഴിഞ്ഞാൽ ഉടൻ തന്നെ SAI-യുമായി ബന്ധപ്പെട്ട് ഏറ്റവും വേഗത്തിൽ സ്ഥാപനം തുടങ്ങാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly